**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2162** **21-06-2024 - ൽ മറുപടിയ്ക്ക്**

**പുനലൂർ താലൂക്ക് ആശുപത്രിയിലെ കാർഡിയോളജിസ്റ്റിന്റെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ താലൂക്ക് ആശുപത്രിയിലെ കൺസൾട്ടന്റ് കാർഡിയോളജി തസ്തികയിലേയ്ക്ക് 10.02.2023-ലെ സ.ഉ (സാധാ) നം. 334/2023/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം നിയമനം നൽകിയിരുന്ന ഡോക്ടർ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആശുപത്രിയിലേക്ക് പുതിയതായി കൺസൾട്ടന്റ് കാർഡിയോളജിസ്റ്റിനെ നിയമിയ്ക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സൂപ്പർ സ്പെഷ്യാലിറ്റി കേഡറിലെ സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനാൽ പ്രസ്തുത കേഡറിലെ യോഗ്യതയുള്ള മെഡിക്കൽ ഓഫീസർമാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത സീനിയോറിറ്റി പട്ടിക അന്തിമമാകുന്ന മുറയ്ക്ക് പുനലൂർ താലൂക്ക് ആശുപത്രിയിലെ കൺസൾട്ടന്റ് കാർഡിയോളജി തസ്തികയിലെ ഒഴിവിലേക്ക് നിയമനം നടത്തുന്നതിന് സാധിക്കുന്നതാണ്. |
| (ബി) | മന്ത്രിയുടെ 13.11.2023-ലെ പുനലൂർ താലൂക്ക് ആശുപത്രി സന്ദർശനത്തോടനുബന്ധിച്ച് കൂടിയ യോഗത്തിൽ കാത്ത് ലാബിന്റെ അപര്യാപ്തത പരിഹരിയ്ക്കുന്നതിനും നിലവിൽ ഒഴിഞ്ഞുകിടക്കുന്ന കാർഡിയോളോജിസ്റ്റിന്റെ തസ്തിക ഡെപ്യൂട്ടേഷൻ വഴി നികത്തുന്നതിനും വകുപ്പ് മന്ത്രി എ.ഡി.എച്ച്.എസ്-ന് നൽകിയിരുന്ന നിർദ്ദേശത്തിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; | (ബി) | പുനലൂർ താലൂക്കാശുപത്രിയിൽ നിലവിൽ കാത്ത് ലാബ് സ്ഥാപിച്ചിട്ടില്ല. കൺസൾട്ടന്റ് കാർഡിയോളജി തസ്തികയിലേക്ക് സ്ഥിര നിയമനം നടത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലായതിനാൽ പ്രസ്തുത തസ്തികയിൽ ഡെപ്യൂട്ടേഷൻ വഴി നിയമനം നടത്തേണ്ടതായ സാഹചര്യം നിലവിലില്ല. |
| (സി) | പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിരുന്ന വിവിധ വിഷയങ്ങളിൽ നടപ്പാക്കിയിട്ടുള്ളവ ഏതൊക്കെയെന്നും നടപ്പാക്കാനുള്ളവ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കാമോ? | (സി) | ഇ-ഹെൽത്ത് ഓൺലൈൻ ടോക്കൺ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. പുനലൂർ താലൂക്കാസ്ഥാന ആശുപത്രിയിലെ ലാബിന്റെ പ്രവർത്തനം സുഗമമാക്കുന്നതിലേക്കായി മറ്റൊരു സ്ഥാപനത്തിൽ നിന്നും ജില്ലാ മെഡിക്കൽ ഓഫീസർ പുനലൂർ താലൂക്കാസ്ഥാന ആശുപത്രിയിലേക്ക് ലഭ്യമാക്കിയിരുന്ന ഒരു Three part hematology analyzer ഇപ്പോൾ പ്രവർത്തിച്ച് വരുന്നു. ആശുപത്രിയിൽ ലഭ്യമായിട്ടുള്ള മരുന്നുകളുടെ വിവരങ്ങൾ പ്രദർശിപ്പിക്കുന്ന essential drug list രേഖപ്പെടുത്തിയ ബോർഡ് ഫാർമസിയിൽ സ്ഥാപിച്ചിട്ടുണ്ട്. ടി ആശുപത്രിയിലെ വൈദ്യുതി നിരക്ക് കുറയ്ക്കുന്നതിലേക്കായി സ്ഥാപനത്തിൽ നിന്നും ആവശ്യപ്പെട്ട പ്രകാരം സോളാർ പാനൽ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിലേക്കായി ANERT-ൽ നിന്നും പ്രായോഗിക പരിശോധന നടത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ